**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1658      25-03-2013-ന് മറുപടി നൽകേണ്ടത്

**<u>ബജറ്റുകളിൽ കേരളത്തിനർഹമായ പരിഗണന</u>**

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്

ശ്രീ. എ.കെ. ബാലൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ബജറ്റുകളിൽ കേരളത്തിനർഹമായ പരിഗണനകളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുവാൻ സർവ്വകക്ഷി നിവേദകസംഘം പോവുക എന്ന നിർദ്ദേശം സർക്കാർ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; | **(എ)** യും **(ബി)** യും | അത്തരമൊരു ആവശ്യം ഉയർന്നുവന്നിരുന്നില്ല |
| (ബി) | ഒറ്റക്കെട്ടായ ആവശ്യങ്ങളാണ് കേരളം ഉന്നയിക്കുന്നതെന്ന് പ്രധാനമന്ത്രിക്ക് ബോദ്ധ്യമാകാൻ സർവ്വകക്ഷി നിവേദക സംഘത്തെ അയക്കാമായിരുന്നില്ലേ; | | |
| (സി) | റയിൽവേ ബജറ്റും പൊതുബജറ്റും പാർലമെന്റിൽ അവതരിപ്പിച്ചതിനു ശേഷം മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രിയെ നേരിൽക്കണ്ട് കേരളത്തിലെ പ്രശ്നങ്ങളുടെ ഗൗരവാവസ്ഥ ബോദ്ധ്യപ്പെടുത്താൻ സാദ്ധ്യമായോ; | **(സി)** | സാദ്ധ്യമായിട്ടുണ്ട് |
| (ഡി) | കേരളത്തിന്റെ പ്രശ്നങ്ങൾ കേന്ദ്രം നോക്കിക്കൊള്ളും എന്ന നിലപാട് സംസ്ഥാന സർക്കാരിന് ഉണ്ടോ; കേന്ദ്ര ഗവൺമെന്റിൽ ഒറ്റക്കെട്ടായി സമ്മർദ്ദം ചെലുത്തുവാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ ? | **(ഡി)** | കേരളത്തിന്റെ ആവശ്യങ്ങൾക്കായി 19-02-2013-ലും 04-03-2013-ലും എം.പി.മാരുടെ യോഗം വിളിച്ചു കൂട്ടുകയും അവിടെ ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളുംകൂടെ പരിഗണിച്ച് മാർച്ച് 4, 5 തീയതികളിൽ ഡൽഹിയിൽ കേന്ദ്ര മന്ത്രിമാരെ നേരിൽക്കണ്ട് നിവേദനം നൽകുകയും കേന്ദ്രത്തിലെ വിവിധ വകുപ്പുകളിൽനിന്നും അനുകൂല നിലപാട് എടുപ്പിക്കാൻ കഴിയുകയുംചെയ്യു. അതിന്റെ അടിസ്ഥാനത്തിൽ 13-03-2013-ൽ നടത്തിയ റെയിൽവേ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രി കേരളത്തിന് പുതുതായി നാല് തീവണ്ടികൾ പ്രഖ്യാപിച്ചു. കൂടാതെ, റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രതിവാര തീവണ്ടികളായ കൊച്ചുവേളി-ലോകമാന്യ തിലക് എക്സ്പ്രസ്സ്, കോഴിക്കോട്, പാലക്കാട് വഴിയുള്ള കാഞ്ചിഗുഡ-മംഗലാപുരം എന്നിവ ആഴ്ചയിൽ രണ്ടു തവണയാക്കിയും തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ദി കണ്ണൂർ വരെയും, കോഴിക്കോട്-ഷൊർണ്ണൂർ പാസഞ്ചർ തൃശ്ശൂർ വരെയും നീട്ടിക്കൊണ്ട് റെയിൽവേ മന്ത്രി പ്രഖ്യാപനം നടത്തുകയുണ്ടായി. മറ്റ് ആവശ്യങ്ങൾക്ക് അനുഭാവപൂർണ്ണമായ സമീപനം ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ